കേരള സർക്കാർ

നമ്പർ.എആർ14-1/89/2017-ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എആർ-14)വകുപ്പ്
തിരുവനന്തപുരം
തിയതി: 05/07/2017

പ്രേക്ഷിതൻ
പ്രിൻസിപ്പൽ സെക്രട്ടറി
സ്വീകർത്താവ്
എല്ലാ വകുപ്പ മേധാവികൾക്കും

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്-സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവ്-സ്പഷ്ടീകരണം സംബന്ധിച്ച്-

സൂചന:- കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ 8/3/2017 ലെ നിവേദനം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 25/02/2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ ഉത്തരവിൽ ഏപ്രിൽ 30 വരെയുള്ള കാലയളവിൽ 3 വർഷം പൂർത്തിയാകുന്നവർക്കാണ് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകാൻ അവസരം ലഭിക്കുന്നതെന്നും ഇപ്രകാരമുള്ള അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റപ്പെടുന്നവർക്ക് ഉത്തരവ് കിട്ടുന്നത് മെയ് മാസത്തിൽ ആകും എന്നതിനാൽ പ്രായോഗികമായി 4 വർഷം കാലാവധി എത്തുമ്പോൾ മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് അർഹത ഉണ്ടാകുകയുള്ളൂ എന്നും ആയതിനാൽ ടി വ്യവസ്ഥ സ്പഷ്ടീകരിക്കണമെന്നും കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ സൂചന പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

25/02/2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 1(i)പ്രകാരം നോൺ വെക്കേഷൻ വകുപ്പുകളിൽ ഏപ്രിൽ 30 ന് മുമ്പും വെക്കേഷൻ വകുപ്പുകളിൽ ആഗസ്റ്റ് 31 ന് മുമ്പും പൊതുസ്ഥലംമാറ്റം പൂർത്തിയാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ നോൺ വെക്കേഷൻ വകുപ്പുകളിൽ 3 വർഷം കാലാവധി എന്നത് ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി

മുതൽ അടുത്ത ഏപ്രിൽ 30 വരെയും വെക്കേഷൻ വകുപ്പുകളിൽ പൊതുസ്ഥലംമാറ്റത്തിനായി 3 വർഷം കാലാവധി എന്നത് ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ അടുത്ത ആഗസ്റ്റ് 31 വരെയും കണക്കാക്കാവുന്നതാണെന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**ഷർമിള.സി**
**ഡെപ്യൂട്ടി സെക്രട്ടറി**
പ്രിൻസിപ്പൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.